പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6590 21.11.2019-ലെ മറുപടിക്ക്

**'കോന്നി മണ്ഡലത്തിലെ തോട്ടം മേഖലയിൽ താമസിക്കുന്നവരുടെ പ്രയാസങ്ങൾ'**

ചോദ്യം

ശ്രീ.കെ.യു.ജനീഷ് കുമാർ

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോന്നി നിയോജക മണ്ഡലത്തിൽ തോട്ടം മേഖലയിൽ താമസിക്കുന്ന കൈവശാവകാശ രേഖയുള്ളവർക്ക് കരം അടയ്ക്കുന്നതിന് പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഒരു വ്യക്തി നിയമാനുസരണം കൈവശം വച്ച് അനുഭവിക്കുന്ന ഭൂമി തോട്ടം എന്ന തരത്തിലാണ് എന്ന കാരണത്താൽ ഭൂനികുതി സ്വീകരിക്കുന്നതിന് നിയമപരമായ തടസ്സമില്ല. 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിന്റെ 81(1)(e) വകുപ്പ് പ്രകാരം ഭൂപരിധിയിൽ നിന്ന് ഒഴിവാക്കി നൽകിയ തോട്ടഭൂമി അതേപടി നിലനിർത്താതെ തരം മാറ്റിയാൽ അവയ്ക്കെതിരെ മിച്ചഭൂമി കേസ് എടുക്കുകയും അത്തരം ഭൂമികൾക്ക് ഭൂനികുതി സ്വീകരിക്കാത്തതുമാണ്. എന്നാൽ താലൂക്ക് ലാൻഡ് ബോർഡ്, ഈ കേസിൽ തീരുമാനം എടുക്കുന്നതുവരെ ഭൂനികുതി സ്വീകരിക്കാറുമുണ്ട്. ഹാരിസൺ മലയാളം ലിമിറ്റഡും സമാനമായ മറ്റ് കമ്പനികളും കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമിയുടെ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സിവിൽ കേസ് ഫയൽ ചെയ്യാൻ 06/06/2019-ലെ സ.ഉ.(കൈ) നമ്പർ 172/2019/റവന്യൂ പ്രകാരം ഉത്തരവായിരുന്നു. സിവിൽ കേസുകളിലെ അന്തിമ വിധിക്ക് വിധേയം എന്ന വ്യവസ്ഥയോടെ ഇത്തരം ഭൂമികൾക്കും ഭൂനികുതി സ്വീകരിക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഭൂനികുതി അടക്കാനുള്ള കൈവശക്കാരുടെ അവകാശത്തെ നിയമ വിരുദ്ധമായി ഹനിക്കുന്നുണ്ടോ യെന്ന് പരിശോധിക്കാനും മേൽ പറഞ്ഞ തരത്തിലുള്ളവർക്ക് നിയമാനുസൃതമായ എല്ലാ അവകാശങ്ങളും ഉറപ്പ് വരുത്താനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ